F 4787 (Pages : 3) Reg. No..............................

Name..................................

# M.A. DEGREE (C.S.S.) EXAMINATION, JANUARY 2017

## Third Semester

Faculty of Language and Literature

Branch II—Malayalam

PC 11—മലയാള കവിത—ആധുനികത—രണ്ടാം ഘട്ടം

(2012 Admission onwards)

Time : Three Hours Maximum Weight : 30

I. ഒരു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 "നിശാനിയമം നടപ്പിലുണ്ടായിരുന്നതിനാൽ
ആരും സ്വപ്നങ്ങൾ കണ്ടില്ല"
—സൂചനയെന്ത് ?

2 "എൻെറ ശവമെങ്കിലും എൻേറതായിരിക്കണം"—ആരുടേതാണീ അവകാശവാദം ?

3 "ഭൂതകാലത്തിൻ സ്മരണാലയങ്ങളിൽ
കൊട്ടിത്തുറക്കുന്നു ഞാൻ മുഴുഭ്രാന്തിൻെറ
കത്തും ജനാലകൾ"
—ആരുടെതാണ് ഈ ആക്രോശം ?

4 "കിണറെടുത്ത് ചെരിച്ചുവെച്ച്
നാലുകൊടം വെള്ളമൂറ്റിയെടുക്കാൻ"
—പ്രേരിപ്പിക്കുന്നതെന്ത് ?

5 കാലം കളയാനില്ല നിൻ
ഭാവിയിൽ, പാളമിരട്ടിക്കയാണിനി"
—ആർ, ആരോട് ഉപദേശിക്കുന്നു ? ഇവിടെ ആവിഷ്ക്കരിക്കുന്ന ജീവിത സത്യം ?

6 ഇരുളിൻ കാരാഗാരം മെല്ലെ
വലിച്ചു തുറന്നു പുറത്തുള്ളഴകിൻ
പരമോത്സവമൊരു നോക്കാൽ കണ്ടു
കളിക്കുന്നത് "
—ആർ ? എന്തുകൊണ്ട് ?

Turn over

7 "രൂക്ഷമായ വെറുപ്പും അതിലും രൂക്ഷമായ സ്നേഹവുമുള്ള സാധാരണ മനുഷ്യനാണ് ഞാൻ" —ജീവിതദർശനം എന്ത് ?

8 'കുഞ്ഞനുണ്ണി'യിലൂടെ ഡി. വിനയചന്ദ്രൻ അവതരിപ്പിക്കുന്ന ദാർശനിക സത്യമെന്ത് ?

(5 × 1 = 5)

II. രണ്ടു പുറത്തിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

9 നാടോടിസംസ്കൃതിയുടെ കവിതയിലെ സ്വാധീനം കടമ്മനിട്ട, കാവാലം എന്നിവരുടെ കവിതകളെ ആസ്പദമാക്കി വിലയിരുത്തുക.

10 സ്വത്വബോധത്തിന്റെ തിരിച്ചെടുക്കൽ ആർ. രാമചന്ദ്രന്റെ കവിതകളിലുണ്ടോ ? എങ്ങനെ ആവിഷ്ക്കരിക്കുന്നു ?

11 'ജലംകൊണ്ടു മുറിവേറ്റവനി'ലെ മൃത്യു സൗന്ദര്യാവബോധം വിലയിരുത്തുക.

12 സ്വാതന്ത്ര്യാനന്തര ഘട്ടത്തിന്റെ പ്രക്ഷുബ്ധതകളിൽ സങ്കീർണ്ണമായ അയ്യപ്പത്തിന്റെ കവിതകളെ പരിചയപ്പെടുത്തുക.

13 നഗരാനുഭവം കവിതകളിലെ പ്രമേയ സാധ്യതയെ വികസിപ്പിച്ചതെങ്ങനെ ? കാവ്യാനുഭവം പരാമർശിക്കുക.

14 "തുടരെഴുതിത്താളിൽ വിളമ്പാൻ
മെദുവടയല്ലെടോ മലയാള വാക്ക് "
—മലയാളിയുടെ വാക്കിനെ കവിയുടെ നിരീക്ഷണമെന്ത് ?

15 "അല്ല കഴുതകളായി
ജീവിക്കേണ്ടിവന്ന കുതിരകളാണ് "
—ആരെപ്പറ്റിയാണ് പരാമർശം ?

16 "അല്പലജ്ജമായീടുമപ്രിയോക്തിയാൽ
പ്രേരിപ്പിപ്പൂനീയാനന്ദത്തെയാമന്ദം കുതികൊൾവാൻ"
—സൗന്ദര്യാവിഷ്ക്കാരം എപ്രകാരം നിർവ്വഹിക്കുന്നു ?

(5 × 2 = 10)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

17 അതിവൈകാരികതയുടെ കയ്യൊപ്പുകൾ കവിതയിൽനിന്നും മാഞ്ഞ എൺപതുകളിലെ എഴുത്തിനെ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

18 പാരിസ്ഥിതികാവബോധം ഉറഞ്ഞു കൂടുന്ന കവിതകളിൽ സൗന്ദര്യാവിഷ്ക്കാരം എന്നതിൽക്കവിഞ്ഞ് പ്രത്യയശാസ്ത്രം നൽകുന്ന വിവിധ തലങ്ങൾ എന്തെല്ലാം ?

19 "അനുഭവ തീവ്രതയുടെ പുതിയ സൗന്ദര്യതാളം ആവിഷ്ക്കരിക്കപ്പെടുന്നു റഫീക്കിൻെറ കവിതയിൽ"—പ്രസ്താവന പരിശോധിക്കുക.

**അല്ലെങ്കിൽ**

20 ബൃഹദാഖ്യാന വീക്ഷണങ്ങളോട് പ്രതിസ്പന്ദിക്കുന്ന ആധുനികാനന്തരതയുൾപ്പെടെ കാവ്യപശ്ചാത്തലം വിശകലനം ചെയ്യുക.

21 "കവിതയുടെ ആഖ്യാനത്തിലും പ്രമേയത്തിലും വരുത്തിയ വിപ്ലവത്തിലാണ് പെണ്ണെഴുത്തിൻെറ ശ്രദ്ധ"—പ്രസ്താവനയെ വിമർശനരീത്യാ വിലയിരുത്തുക.

**അല്ലെങ്കിൽ**

22 പാശ്ചാത്യലോകത്തുനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവിതകളിലെ പ്രമേയാവിഷ്ക്കാരത്തിലും ആഖ്യാന വൈവിധ്യത്തിലും പുലർത്തുന്ന മികവ് എന്തെല്ലാം ?

$(3 \times 5 = 15)$